തടിയുടെ 1/10 വില (പരമാവധി 20,000 രൂപ) അപ്പോൾതന്നെ പണമായോ ആ സ്ഥലത്ത് മാറ്റാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കണം. മുഴുവൻ തുകയും, നികുതികളും അടച്ചാൽ അന്നു തന്നെ തടി നീക്കം ചെയ്യാം. ബാക്കി തുക 3 ദിവസത്തിനകം അടക്കേണ്ടതും തുടർന്ന് 7 ദിവസത്തിനകം വാങ്ങിയ തടി ഡിപ്പോയിൽനിന്നും നീക്കം ചെയ്യേണ്ടതുമാണ്. ഈ സമയത്തിനകം തടി നീക്കം ചെയ്യാത്ത പക്ഷം ക്യൂബിക് മീറ്ററിന് 10 രൂപ നിരക്കിൽ തറ വാടക ഈടാക്കിക്കൊണ്ട് പരമാവധി 15 ദിവസം ദീർഘിപ്പിച്ച് നൽകുന്നതാണ്. തടി വാങ്ങുന്ന ആൾ യഥാസമയം പണമടച്ച് തടികൾ നീക്കം ചെയ്യാത്ത പക്ഷം അടച്ച ഭാഗിക വില കണ്ടുകെട്ടിക്കൊണ്ട് വാങ്ങുന്നയാളുടെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ പുനർലേലം ചെയ്യുന്നതാണ്. കൂടാതെ തേക്ക് തുടങ്ങിയ മറ്റ് തടികൾ ഇ-ഓക്ഷൻ വഴിയും കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എം.എസ്.റ്റി.സി.-യിൽ രജിസ്റ്റർ ചെയ്ത് ലേലത്തിൽ പങ്കെടുത്ത് തടി ലഭ്യമാക്കാവുന്നതാണ്.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

പാമ്പ് കടിയേറ്റ് മരണപ്പെട്ടവരുടെ കുടുംബത്തിന് ധനസഹായം

191 (4526) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ കുടുംബത്തിന് ധനസഹായം നൽകുന്ന പദ്ധതി പരിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര രൂപാ വരെയാണ് സഹായ ധനമായി അനുവദിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും അതോടൊപ്പം നൽകേണ്ട രേഖകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഏറ്റവും ഒടുവിലായി പരിഷ്കരിച്ച 17-11-2014-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 96/2014/വനം പ്രകാരം പാമ്പുകടിയേറ്റ് മരണം സംഭവിച്ചത്, വനത്തിനുള്ളിൽ വച്ചാണെങ്കിൽ ആശ്രിതർക്ക് 5 ലക്ഷം രൂപയും, മരണം സംഭവിച്ചത് വനത്തിനു പുറത്തു വച്ചാണെങ്കിൽ 1 ലക്ഷം രൂപയുമാണ് നഷ്ട പരിഹാരത്തുകയായി അനുവദിക്കുന്നത്.

(ബി) പാമ്പുകടിമൂലം മരണപ്പെട്ടവരുടെ ആശ്രിതർ നഷ്ടപരിഹാരത്തുക ലഭിക്കുന്നതിലേക്കായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ അതാതു പ്രദേശങ്ങളിലെ റെയിഞ്ച് ഫോറസ്റ്റാഫീസർക്ക്/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന് സംഭവം നടന്ന് മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly